"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷന്റെ സംസ്ഥാനവിഷ്കൃത പദ്ധതികളായ ശുചിത്വ കേരളം (റൂറൽ), ശുചിത്വ കേരളം (അർബൻ) എന്നീ പദ്ധതികൾക്ക് അലോട്ട്മെൻറ് സിസ്റ്റം തുടരുന്നതിനും കേന്ദ്രാവിഷ്കൃത പദ്ധതികൾ പി.എഫ്.എം.എസ് വഴി നടപ്പിലാക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**സ.ഉ.(സാധാ) നം.1477/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 09/08/2020**

---

പരാമർശം:- ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 01.01.2020-ലെ 3036/B1/2018/SM നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ശുചിത്വ മിഷന്റെ സംസ്ഥാനവിഷ്കൃത പദ്ധതികളുടെയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും അലോട്ട്മെൻറുകൾ ട്രഷറിയിൽ നിന്ന് മാറി ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകൾ വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ശുചിത്വമിഷനുകൾക്കും നൽകി വരുന്ന രീതിയാണ് മുൻപ് സ്വീകരിച്ചു വന്നിരുന്നത്. എന്നാൽ പുതിയ അലോട്ട്മെൻറ് സിസ്റ്റം നിലവിൽ വന്നപ്പോൾ സംസ്ഥാനാവിഷ്കൃത പദ്ധതികളായ ശുചിത്വ കേരളം (റൂറൽ), ശുചിത്വ കേരളം (അർബൻ) എന്നീ പദ്ധതികളുടെ ചെലവുകൾ അലോട്ട്മെൻറ് സിസ്റ്റം വഴി മാറുന്നതിന് ബില്ലുകൾ BIMS (ബില്ല് ഇൻഫർമേഷൻ മാനേജ്മെൻറ് സിസ്റ്റം) വഴി സമർപ്പിച്ചു വരുന്നു. ടി തുകകൾ വേയ്സ് ആൻറ് മീൻസ് (WAMS) ക്ലിയർ ചെയ്ത് കഴിഞ്ഞ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ട്രഷറി വഴി മാറാവുന്നതാണ്. 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ പെർഫോർമൻസ് ബെയ്സ്ഡ് ഇൻസെൻറീവ് ഗ്രാൻറിന്റെ തുക ട്രഷറിയിൽ നിന്നു മാറി ബാങ്കിൽ നിക്ഷേപിച്ച് ഗ്രാമപഞ്ചായത്തുകൾക്കും ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്റർമാർക്കും നൽകിവരുന്ന നടപടിക്രമമാണ് നടന്നു വന്നിരുന്നതെന്നും മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വച്ഛ് ഭാരത് മിഷൻ (അർബൻ), സ്വച്ഛ് ഭാരത് മിഷൻ (റൂറൽ) എന്നീ പദ്ധതികളുടെ ഫണ്ടും ഇതേ നടപടിക്രമത്തിലാണ് മാറി നൽകിയിരുന്നതെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പു വരുത്തുന്നതിനും പദ്ധതികളുടെ സുഗമമായ നടത്തിപ്പിനുമായി സംസ്ഥാനവിഷ്കൃത പദ്ധതികൾ അലോട്ട്മെൻറ് സിസ്റ്റം വഴി തുടരുന്നതിനും, കേന്ദ്രാവിഷ്കൃത പദ്ധതികൾ പി.എഫ്.എം.എസ് വഴി നടപ്പിലാക്കുന്നതിന് അലോട്ട്മെൻറ് ട്രഷറിയിൽ നിന്ന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് പി.എഫ്.എം.എസ് രജിസ്റ്റർ ചെയ്ത ദേശസാൽകൃത ബാങ്കുകളിൽ

നിക്ഷേപിക്കുകയും, ടി ബാങ്കുകൾ വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും തുക കൈമാറുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് ടി.എസ്.ബി - പി.എഫ്.എം.എസ് ഇന്റഗ്രേഷൻ ഇനിയും സാധ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ സംസ്ഥാനാവിഷ്കൃത പദ്ധതികൾക്ക് അലോട്ട്മെന്റ് സിസ്റ്റം തുടരുന്നതിനും കേന്ദ്രാവിഷ്കൃത പദ്ധതികൾ പി.എഫ്.എം.എസ് വഴി നടപ്പിലാക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പൂർണ്ണമായും പി.എഫ്.എം.എസ് സംവിധാനത്തിലൂടെ മാത്രമേ ഫണ്ട് വിതരണം നടപ്പിലാക്കാവൂയെന്നും സഞ്ചിത നിധിയിൽ നിന്നും ഫണ്ട് സ്വീകരിക്കുന്നതിനായി മാത്രം പി.എഫ്.എം.എസ്. linked ബാങ്ക് അക്കൌണ്ട് ഉപയോഗിക്കാൻ അനുവദിക്കാനാവില്ല എന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ആർ .എസ് .കണ്ണൻ**

**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും ( നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
ധനകാര്യ (ഡെവ.) വകുപ്പ് (Dev-2/29/2020/Fin Dated 02/07/2020)

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.08.10 13:27:10 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്